**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757** **28-01-2026 - ൽ മറുപടിയ്ക്ക്**

**അനെർട്ടിലെ അഴിമതി ആരോപണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ വിജിലൻസ് ഡയറക്ടർക്ക് അനുമതി നല്കിയത്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പി. എം. കുസും പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷിക പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിന് അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങളിലും, വർക്ക് ഓർഡർ നൽകിയതിലും, പ്ലാന്റ് സ്ഥാപിച്ചതിലും ക്രമക്കേടും അഴിമതിയും ആരോപിച്ച് ശ്രീ. പി. ജയചന്ദ്രൻ നായർ 02.05.2025 – ൽ സമർപ്പിച്ച പരാതിയിലും, അനെർട്ടിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം മുഖേന നിർവഹിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടുകളും അഴിമതിയും ആരോപിച്ച് ശ്രീ. പി. ജയചന്ദ്രൻ നായർ 27.05.2025 – ൽ വിജിലൻസ് വകുപ്പിനു സമർപ്പിച്ച പരാതിയിലും വെരിഫിക്കേഷൻ നടത്തുവാൻ യഥാക്രമം 28.06.2025, 14.07.2025 തീയതികളിലെ VIG-D2/164/2025-VIG നമ്പർ കത്ത് മുഖേന വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അന്വേഷണ റിപ്പോർട്ട് ഊർജ്ജ വകുപ്പിന് ലഭ്യമായിട്ടില്ല.<br><br>കൂടാതെ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. പി. ജയചന്ദ്രൻ നായർ 13.05.2025 – ൽ വിജിലൻസ് വകുപ്പിനു സമർപ്പിച്ച പരാതിയിന്മേൽ ഊർജ്ജ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അനെർട്ടിലെ ഏതെല്ലാം പദ്ധതികളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ ധനകാര്യ വകുപ്പിന് അനുമതി നല്കിയത്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ | (ബി) | അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പി. എം. കുസും പദ്ധതിയുടെ ടെൻഡർ പ്രക്രിയയിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിനാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പിനെ ചുമതലപ്പെടുത്തിയത്. ധനകാര്യ വകുപ്പിൽ നിന്നും പ്രസ്തുത ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേലുള്ള പരിശോധന |

| | | | |
|---|---|---|---|
| | സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | അനേർട്ടിൽ നടന്നു വരികയാണ്. പരിശോധന പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അന്വേഷണ റിപ്പോർട്ട് അന്തിമമാക്കാൻ സാധിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പരാതികളിന്മേൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ പരാതി പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ PE12/2025/SIU I നമ്പരായി പ്രാഥമിക അന്വേഷണം രജിസ്റ്റർ ചെയ്ത് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ